## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**3467** 15.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

# ആരോഗ്യ വകുപ്പിലെ പിരിച്ചുവിടപ്പെട്ട താല്കാലിക തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ എൻ.ആർ.എച്ച്.എം ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകളിലൂടെ നിലനിർത്തപ്പെട്ടിരുന്ന വിവിധ തസ്തികകളിൽ ആശുപത്രികൾ, പി.എച്ച്.സെന്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട എത്ര തസ്തികകളിൽ നിന്നും ജീവനക്കാരെ പിരിച്ചുവിട്ടുവെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (എ) എൻ.എച്ച്.എം. വഴി വിവിധ തസ്തികകളിൽ ആശുപത്രികൾ, പി.എച്ച്.സെന്ററുകൾ എന്നിവയിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ ഇനത്തിൽ ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിന്നും ഈ സർക്കാർ കാലയളവിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും വ്യക്തമാക്കുമോ ; | (ബി) ആലപ്പുഴ ജില്ലയിൽ ആരെയും പിരിച്ചുവിട്ടിട്ടില്ല. |
| (സി) നഴ്സിംഗ്, ഫാർമസി, ശുചീകരണം, തുടങ്ങിയ മേഖലകളിൽ നിന്നും ഇപ്രകാരം ജീവനക്കാരെ പിരിച്ചുവിട്ടപ്പോൾ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന പറയാമോ ; | (സി) & (ഡി) വിവിധ ജില്ലകളിലായി ശുചീകരണ വിഭാഗത്തിൽ നിന്നും ഒരാളെയും, ഒരു ഫാർമസിസ്റ്റിനെയും 9 സ്റ്റാഫ് നേഴ്സുമാരെയും പിരിച്ചുവിട്ടിട്ടുണ്ട്. ഓരോ വിഭാഗത്തിലും അനുവദിച്ചിട്ടുള്ള തസ്തികകൾക്ക് പുറമെയാണ് ഇവരെ നിയമിക്കുന്നത്. സ്റ്റാഫ് നേഴ്സുമാരെ (ബോണ്ടഡ് ക്യാൻഡിഡേറ്റ്) ബോണ്ട് കാലാവധി തീർന്ന സമയത്താണ് പിരിച്ചു വിട്ടത്. ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം ഉപയോഗിച്ച് രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയുന്നുണ്ട്. മറിച്ചുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) മഴക്കാല രോഗങ്ങളും പകർച്ചപ്പനികളുമടക്കം ബാധിച്ച രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ആതുരാലയങ്ങൾ സേവനം നൽകാൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഇപ്രകാരം സേവനം നൽകിയിരുന്ന വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ പിരിച്ചുവിട്ടത് എന്ത് ഉദ്ദേശത്തോടെയായിരുന്നുവെന്ന് വ്യക്തമാക്കാമോ, ഇവരെ അടിയന്തിരമായി തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| No | Districts | CSR Technician | Referral PRO | Dhbobby | Security | Driver | sweeper | Female Ward helper | Medical Officer Palliative Care | GBVM Counselor | Lab Technician | JPHN | MBBS DOCTOR | Staff Nurse | URBAN JPHN | LHI | Statistical Assistant RNTCP | Sr. Medical Officer RNTCP | Pharmacist | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Trivandrum | 1 | 3 | 1 | 8 | 1 | 1 | 12 | | | | | | | | | | | | 27 |
| 2 | Kollam | | | | | | | | 1 | 1 | | | | | | | | | | 2 |
| 3 | Pathanamthitta | | | | | | | | | | | | | | | | | | | 2 |
| 4. | Alapuzha | | | | | | | | | | | | | | | | | | | 0 |
| 5 | Kottayam | | | | | | | | | | | 1 | | | | | | | | 1 |
| 5 | Idukki | | | | | | | | | | 1 | | | | | | | | | 1 |
| 7 | Ernakulam | | | | | | | | | | | | 2 | 8 | | | | | | 10 |
| 8 | Thrissur | | | | | | | | | | | | | | | | | | | 0 |
| 9 | Palakkad | | | | | | | | | | | | | | 9 | 1 | | | | 10 |
| 0 | Malappuram | | | | | | | | | | | | | | | | | | | 0 |
| 1 | Kozhikode | | | | | | | | | | | | | 1 | | | 1 | 1 | | 3 |
| 2 | Wayanad | | | | | | | | | | 1 | | 20 | | | | | | 1 | 22 |
| 3 | Kannur | | | | | | | | | | | | | | | | | | | 0 |
| 4 | Kasargod | | | | | | | | | | | | | | | | | | | 0 |
| | Total | 1 | 3 | 1 | 8 | 1 | 1 | 12 | 1 | 1 | 2 | 1 | 22 | 9 | 9 | 1 | 1 | 1 | 1 | 76 |

സെക്ഷൻ ഓഫീസർ